ഐ.ടി@സ്കൂൾ ഗ്നു/ലിനക്സ് 12.04
(Based on Ubuntu 12.04)

യൂസർ മാനുവൽ

തയ്യാറാക്കിയത്: ഐ.ടി.@സ്കൂൾ പ്രോജക്ട്, പൂജപ്പുര, തിരുവനന്തപുരം - 12

ഉള്ളടക്കം (Index)

- *ആമുഖം 1*
- *ലോഗിൻ സ്ക്രീൻ 1*
- *പാനലുകൾ 2*
- *സിസ്റ്റം സെറ്റിങ്ങ്സ് 2*
- *ഡെസ്ക്ടോപ്പിന്റെ പശ്ചാത്തലം, തീം തുടങ്ങിയവ 3*
- *ലിബർ ഓഫീസ് 4*
- *Keyboard layout add ചെയ്യുന്നതിന് 4*

എഡ്യൂക്കേഷനൽ അപ്ലിക്കേഷനുകൾ

- *കാൽസ്യം 6*
- *മാർബിൾ 6*
- *സ്റ്റെല്ലേറിയം 7*
- *കൃജിസ് 10*
- *ജിയോജിബ്ര 13*
- *റ്റുപീ: റ്റുഡി മാജിക് 13*
- *ജി തമ്പ് ഇമേജ് വ്യൂവർ 13*
- *ഒഡാസിറ്റി 14*

മറ്റു അപ്ലിക്കേഷനുകൾ

- *ടെക്സ്റ്റ് ഡോക്യുമെന്റുകൾ 14*
- *ചിത്ര, ഡോക്യുമെന്റ് ദർശിനികൾ 15*
- *ശബ്ദ-ചലച്ചിത്ര പ്ലെയറുകൾ 15*
- *സമയം, തീയ്യതി തുടങ്ങിയവ ക്രമീകരിക്കാൻ 15*
- *വ്യക്തിഗത ഉപയോക്താക്കളുടെ നിർമ്മാണം ((Users &Groups) 16*
- *ശബ്ദം റെക്കോർഡു ചെയ്യാൻ, എഡിറ്റു ചെയ്യാൻ 16*
- *കാഴ്ചക്കുറവുള്ളവർക്കുള്ള സോഫ്റ്റ്വെയറുകൾ 17*

- ആർക്കൈവുകളും ഫയൽ കംപ്രഷനും 17
- സ്ക്രീൻ ഷോട്ടുകളും സ്ക്രീൻ പ്രവർത്തനങ്ങളുടെ വിഡിയോയും 17
- പ്രിന്റിംഗ് 18
- ഇമേജ് സ്കാനറുകൾ 19
- വെബ് ക്യാമറകൾ പ്രവർത്തിപ്പിക്കുമ്പോൾ 19
- കമ്പ്യൂട്ടർ നെറ്റവർക്കുകൾ 19
- നെറ്റവർക്കുപയോഗിച്ചുള്ള ഫയൽ പങ്കുവെക്കൽ 20
- റിമോട്ട് ഡെസ്കടോപ് 20
- Disk Utility 21
- വീഡിയോ സിഡി പ്രവർത്തിപ്പിക്കുന്നതിന് 23
- Gespeaker 24
- യൂസർ പാസ്വേഡ് റീസെറ്റ ചെയ്യാൻ 26
- യൂസർ അക്കൗണ്ട് ഡിലിറ്റ് ചെയ്യാൻ 28
- ഗ്രബ് റീഇൻസ്റ്റാൾ ചെയ്യാൻ 28
- ബൂട്ട്ലോഡർ ക്രമീകരിക്കാം 30
- ലോക്കൽ റെപ്പോസിറ്ററി 30
- അഡീഷണൽ ഡ്രൈവേഴ്സ് 32
- ഐ.ടി@സ്കൂൾ ഗ്നുലിനക്സ് – 12.04 OS ഇൻസ്റ്റാൾ ചെയ്യുന്ന വിധം. 33

ആമുഖം

കേരള പാഠ്യ പദ്ധതി പിന്തുടരുന്ന സ്കൂളുകളുടെ ഉപയോഗത്തിനായി ഐടി @ സ്കൂൾ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ള ഓപറേറ്റിങ്ങ് സിസ്റ്റമാണ് ഐടി @സ്കൂൾ ഗ്നു ലിനക്സ് 12.04. ഉബുണ്ടു 12.04 എന്ന ഗ്നു ലിനക്സ് ഓപറേറ്റിങ്ങ് സിസ്റ്റമാണ് ഇത് തയ്യാറാക്കുന്നതിന് ആധാരമാക്കിയിട്ടുള്ളത്. 32 bit , 64 bit ഹാർഡ്വെയറുകൾക്കായി പ്രത്യേകം പതിപ്പുകളായി ഇത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. GNOME3 അടിസ്ഥാനമാക്കി തയ്യാറാക്കിയതിനാൽ സിസ്റ്റം മെനുവിലും സോഫ്റ്റ്വെയർ പ്രവർത്തനങ്ങളിലും IT@School Edubuntu 10.04 നെ അപേക്ഷിച്ച് ധാരാളം മാറ്റങ്ങൾ ഇതിൽ കാണാവുന്നതാണ്. അവയിൽ പ്രധാനപ്പെട്ടവ മാത്രമാണ് ഇവിടെ പരാമർശിക്കുന്നത്.

ലോഗിൻ സ്ക്രീൻ



ഒരു സിസ്റ്റത്തിന്റെ ഗ്രാഫിക് ഡിസ്പ്ലേ എങ്ങനെ കാണപ്പെടണം എന്നു നിർവചിക്കുന്നത് അതിന്റെ ഡെസ്ക്ടോപ് എൻവിറോൺമെന്റ് എന്നറിയപ്പെടുന്ന സോഫ്റ്റ്വെയർ സമൂഹമാണ്. IT @ Shool GNU/Linux 12.04 ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിന്റെ default ഡെസ്ക്ടോപ് GNOME Classic (No effects) ആയിട്ടാണ് സെറ്റ് ചെയ്തിരിക്കുന്നത്. ഇതു കൂടാതെ സിസ്റ്റത്തിന്റെ ലോഗിൻ സ്ക്രീനിൽ user name ന് വലതു വശത്ത് കാണപ്പെടുന്ന ലോഗോയിൽ ക്ലിക്കു ചെയ്ത് GNOME (ഗ്നോം-ഷെൽ), Ubuntu (യൂണിറ്റി) തുടങ്ങിയ ഡെസ്ക്ടോപ് എൻവിറോൺമെന്റുകളും തെരെഞ്ഞെടുക്കാൻ സാധിക്കും.

ഈ ലോഗിൻ സ്ക്രീനിൽ സിസ്റ്റത്തിൽ നിലവിലുള്ള യൂസർ നാമങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നു. ആവശ്യമുള്ള യൂസർ ലോഗിൻ തെരെഞ്ഞെടുത്ത് പാസ്‌വേഡ് കൊടുത്താൽ സിസ്റ്റത്തിലേക്ക് പ്രവേശിക്കാം.



സിസ്റ്റം ക്രമീകരണങ്ങൾ

പാനലുകൾ

ഐടി@സ്കൂൾ ഗ്നു ലിനക്സ് 12.04 ന്റെ പുതിയ പതിപ്പിന്റെ ഗ്നോം ക്ലാസ്സിക് ഡെസ്ക്ടോപിൽ മുകളിലും താഴെയുമായി രണ്ടു പാനലുകളാണ് സാധാരണയായി ഉണ്ടാവുക. ഇവയിലാണ് പ്രധാന മെനു, (Applications, Places), കീബോർഡ് ഭാഷാ ലേഔട്ട് ക്രമീകരണത്തിനുള്ള അപ്ലെറ്റ്, നെറ്റ്‌വർക്ക് മോണിറ്റർ അപ്ലെറ്റ്, ശബ്ദ നിയന്ത്രണത്തിനുള്ള സ്ലൈഡർ തുടങ്ങിയവ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇവ കൂടാതെ ആവശ്യമെങ്കിൽ, ഒരു അപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ എളുപ്പത്തിൽ തുറക്കുന്നതിന് പാനലിൽ ലോഞ്ചർ ഐക്കൺ ഉൾപ്പെടുത്താം. ഇതിനായി ഉൾപ്പെടുത്തേണ്ട അപ്ലിക്കേഷനെ മെനുവിൽനിന്നും ഡ്രാഗ് ചെയ്ത് പാനലിലേക്ക് ഉൾപ്പെടുത്തിയാൽ മതിയാകും. ഇതു കൂടാതെ പാനലിലേക്ക് കൂടുതൽ അപ്ലെറ്റുകളും സോഫ്റ്റ്‌വെയർ ലോഞ്ചുകളും ഉൾപ്പെടുത്തുന്നതിനായും പാനലിന്റെ നിറം, വലിപ്പം തുടങ്ങിയ കാര്യങ്ങൾ മാറ്റുന്നതിനും കീബോർഡിലെ Alt കീ അമർത്തിപ്പിടിച്ച ശേഷം പാനലിൽ വലതു മൗസ് ബട്ടൻ ക്ലിക്കു ചെയ്യുക. ഇപ്പോൾ ലഭിക്കുന്ന മെനുവിൽ നിന്നും കൂടുതൽ അപ്ലെറ്റുകൾ ഉൾപ്പെടുത്താം. (*GNOME Classic (No effects) നു പകരം GNOME Classic സെഷനാണ് ഉപയോഗിക്കുന്നതെങ്കിൽ Alt ഉം Left Win key യും അമർത്തി റൈറ്റ്ക്ലിക്ക് ചെയ്യണം*)

അപ്ലിക്കേഷൻ ലോഞ്ചുകൾ ഉൾപ്പെടുത്താൻ ഇങ്ങനെ റൈറ്റ്ക്ലിക്ക് ചെയ്ത് കിട്ടുന്ന വിൻഡോയിലെ Application Launcher ൽ ക്ലിക്ക് ചെയ്തതിനു ശേഷം താഴെയുള്ള Forward ൽ ക്ലിക്ക് ചെയ്താൽ വിവിധ Application സോഫ്റ്റ്‌വെയറുകളുടെ ലോഞ്ചുകൾ തിരഞ്ഞെടുക്കുന്നതിനുള്ള വിൻഡോ ലഭിക്കും.

സിസ്റ്റം സെറ്റിങ്ങ്സ്

Log Out, Shut Down, എന്നിവ ഉൾപ്പെടുത്തിയിട്ടുള്ള indicator applet – session ൽ (താഴെ

കൊടുത്തിരിക്കുന്ന ചിത്രം നോക്കുക) System Settings, Displays, Printers എന്നിവയുടെ ക്രമീകരണങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.



ഡെസ്ക്ടോപ്പിന്റെ പശ്ചാത്തലം, തീം തുടങ്ങിയവ

പശ്ചാത്തല നിറം മാറ്റാൻ Applications → System Setting → Appearance എന്ന ജാലകം ഉപയോഗിക്കാം. ഐക്കണുകൾ, പാനലിന്റെയും മെനുവിന്റേയും നിറം തുടങ്ങിയ കാര്യങ്ങളാണ് ഡസ്ക്ടോപ് തീമിൽ ഉൾപ്പെടുന്നത്.

Applications → System Tools → Preferences → Advanced Settings എന്ന ജാലകത്തിൽ നിന്നും Appearence theme, system fonts, ജാലക ക്രമീകരണം, മറ്റു സജ്ജീകരണങ്ങൾ എന്നിവ നടത്താം.



Office Packages

ലിബർ ഓഫീസ്

Ubuntu 10.04 ൽ ഉപയോഗിച്ചിരുന്ന ഓപ്പൺ ഓഫീസ് ഓർഗ് പാക്കേജിനു പകരം ലിബർ ഓഫീസ് ആണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ Applications → Office → LibreOffice എന്ന ക്രമത്തിലാണ് ഓഫീസ് പാക്കേജുകൾ പ്രവർത്തിപ്പിക്കേണ്ടത്.

- Applications → Office → OpenofficeOrg Word Processor ന് പകരം Applications → Office → LibreOffice Writer എന്ന ക്രമത്തിലാണ് റൈറ്റർ പ്രവർത്തിപ്പിക്കേണ്ടത്
- Spreadsheet ന് പകരം Calc ഉം Presentation ന് പകരം Impress ഉം Database ന് പകരം Base ഉം ആണ് ദൃശ്യമാവുക.

ഓപ്പൺ ഓഫീസ് ഓർഗിൽ ലഭ്യമായിരുന്ന എല്ലാ സൗകര്യങ്ങളും ലിബർ ഓഫീസിലും ലഭ്യമാണ്. മെനുകളിലോ പ്രവർത്തന ക്രമങ്ങളിലോ കാര്യമായ വ്യത്യാസങ്ങളൊന്നും ഇല്ല. നിലവിലുള്ള ചെറിയ വ്യത്യാസങ്ങൾ താഴെ കൊടുക്കുന്നു.

- ഓപ്പൺ ഓഫീസ് ഓർഗ് കാൽകിൽ Data form ഉൾപ്പെടുത്തുന്നത് Data → Data Form എന്ന ക്രമത്തിലായിരുന്നല്ലോ ലിബർ ഓഫീസിൽ അത് Data → Form എന്ന ക്രമത്തിലാണ്.

Keyboard layout add ചെയ്യുന്നതിന്

കീബോർഡ് ക്രമീകരണത്തിൽ ചില വ്യത്യാസങ്ങൾ ഉള്ളതിനാൽ അതു കൂടി ഒന്നു ശ്രദ്ധിക്കുന്നത് നന്നായിരിക്കും. ക്രമം ചുവടെ കൊടുക്കുന്നു

- System settings തുറക്കുക (Top panel ന്റെ വലതു വശത്തുള്ള indicator applet session ലെ System Setting അല്ലെങ്കിൽ Applications → System tools → System Settings)



- ലഭ്യമായ വിൻഡോയിൽ Keyboard Layout ൽ ക്ലിക്ക് ചെയ്യുക.

- തുടർന്ന് Layout Tab ലെ ചുവടെ ഭാഗത്തുള്ള + Button ൽ ക്ലിക്ക് ചെയ്യുമ്പോൾ Layout Choose ചെയ്യുന്നതിനുള്ള ജാലകം ലഭിക്കുന്നു. ഇതിൽ ആവശ്യമായ Layout ൽ ക്ലിക്ക് ചെയ്ത് Add Button ക്ലിക്ക് ചെയ്യുന്നതോടുകൂടി പുതിയ Keyboard Layout കൂട്ടിച്ചേർക്കപ്പെടുന്നു.


Keyboard Layout
All Settings
Keyboard Layout
Language
Formats
Layouts
System
English (India, with RupeeSign)
Malayalam
Use the same layout for all windows
Allow different layouts for individual windows
New windows use the default layout
New windows use the previous window's layout
Reset to Defaults
Options...

എഡ്യൂക്കേഷനൽ അപ്ലിക്കേഷനുകൾ

കാൽസ്യം

Applications → Science → Kalzium Old എന്ന ക്രമത്തിലാണ് കാൽസ്യം തുറക്കേണ്ടത്. സോഫ്റ്റ്വെയർ പ്രവർത്തനവുമായി ബന്ധപ്പെട്ട് മാറ്റങ്ങളൊന്നും തന്നെയില്ല. Kalzium Old ആണ് ഐ.സി.ടി. പാഠപുസ്തകത്തിൽ പരാമർശിക്കുന്ന പഠനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കേണ്ടത്.

മാർബിൾ

- മാർബിൾ വെർഷൻ 0.9.5 നിന്നും 1.3.5 ആയി മാറിയിട്ടുണ്ട്.
- ഗ്ലോബിന്റെ തിരിയൽ സ്വാഭാവികമായി സാധ്യമാകുന്നു.
- ഒരു പ്രദേശത്തിന്റെ അക്ഷാംശ രേഖാംശങ്ങൾ കണ്ടെത്തുന്നതിനായി പ്രദേശത്തെ അടയാളപ്പെടുത്തുന്ന സൂചികയിൽ ക്ലിക്ക് ചെയ്യുക. സ്ഥലത്തിന്റെ പേര് പ്രദർശിപ്പിക്കപ്പെടും. പേരിൽ ക്ലിക്ക് ചെയ്താൽ ലഭിക്കുന്ന വിന്റോയിൽ പ്രദേശത്തിന്റെ അക്ഷാംശരേഖാംശങ്ങൾ, ജനസംഖ്യ, സമയമേഖല തുടങ്ങിയ വിവരങ്ങൾ ലഭ്യമാകും. മുൻ വെർഷനിൽ പരമാവധി സൂമിലൂടെ മാത്രമേ കൃത്യമായ അക്ഷാംശ രേഖാംശങ്ങൾ ശേഖരിക്കാനാകുമായിരിന്നുള്ളൂ. എന്നാൽ പുതിയവേർഷനിൽ ഏത് സൂം ലെവലിലും കൃത്യമായ അക്ഷാംശ രേഖാംശങ്ങൾ ലഭ്യമാകും.
- മാപ്പ് വ്യൂവിലെ തീമിൽ പുതുതായി ഉൾപ്പെടുത്തിയിരിക്കുന്ന ഓപ്പൺ സ്ട്രീറ്റ് മാപ്പിൽ പ്രദേശങ്ങളുടെ അടയാളപ്പെടുത്തൽ ഇല്ല.
- മാപ്പ് വ്യൂ, ലെജന്റ്, നാവിഗേഷൻ എന്നീ ഓപ്ഷനുകളോടൊപ്പം റൂട്ടിംഗ് എന്ന ഓപ്ഷൻ കൂടി ഉൾപ്പെടുത്തിയിരിക്കുന്നു.
- ദേശങ്ങൾ തമ്മിലുള്ള അകലം, ദിശ തുടങ്ങിയ വിവിരങ്ങൾ റൂട്ടിംഗ് എന്ന ഓപ്ഷനിൽ ലഭ്യമാണ്.
- പ്രദേശത്തെ സൂചിപ്പിക്കുന്ന അടയാളത്തിൽ റൈറ്റ് ക്ലിക്ക് ചെയ്ത് Directions from here, Directions to here എന്നീ ഓപ്ഷനുകൾ തെരഞ്ഞെടുത്തും പ്രദേശങ്ങളെ ബന്ധപ്പിക്കുന്ന മാർഗ്ഗം കണ്ടെത്താവുന്നതാണ്. (ഈ സൗകര്യങ്ങൾ ഇന്റർനെറ്റ് സഹായത്തോടെയാണ് ലഭ്യമാകുക)

- റൈറ്റ് ക്ലിക്ക് ചെയ്യുമ്പോൾ ലഭ്യമാകുന്ന Address Details ഓപ്ഷനിലൂടെ പ്രദേശത്തിന്റെ കൂടുതൽ വിവരങ്ങൾ ലഭ്യമാകും.

- View → Sun Control ഉപയോഗിച്ച് സൂര്യന്റെ സ്ഥാനം കണ്ടെത്താം

സ്റ്റെല്ലേറിയം

- വെർഷൻ 0.11.1 എന്നത് 0.12.2 ആയി മാറിയിട്ടുണ്ട്

- വിന്റോയുടെ മുകൾ ഭാഗത്തായി ക്രമീകരിച്ചിട്ടുള്ള ഓക്കുലാർ വ്യൂ വിന്റെ പ്രത്യേക റ്റൂൾ ബാർ ഉപയോഗിച്ച് വ്യത്യസ്തമായ ഐ പീസ് / ടെലസ്കോപ്പിക് ദൃശ്യങ്ങൾ ലഭ്യമാകും (ചിത്രം 2)

- വ്യൂ → മാർക്കിംഗിംസ് റ്റാബിൽ പുതുതായി ചില ഓപ്ഷൻസ് ഉൾപ്പെടുത്തിയിട്ടുണ്ട്. Ecliptic J2000(Change in co ordinate system), Galactic plane (galaxy mass distribution)തുടങ്ങിയവ.

- സ്റ്റാറ്റസ് റ്റൾ ബാറിലെ നെബുല റ്റൾ DSO (Deep Sky Objects) റ്റളായി മാറിയിട്ടുണ്ട്.
- ലൊക്കേഷൻ ജാലകത്തിൽ നിരീക്ഷണ സ്ഥലം പാരീസ് ആയി (default location) റിസെറ്റ് ചെയ്യാനുള്ള ടാബ് ചേർത്തിട്ടുണ്ട്. (ചിത്രം 4)



- സെർച്ച് വിന്റോയിൽ രണ്ട് മോഡുകൾ പുതുതായി ചേർത്തിട്ടുണ്ട്. ലിസ്റ്റ് ഒപ്ഷനിൽ ടൈപ്പ് ചെയ്യാതെ തന്നെ ഗോളങ്ങളെ തിരയാനാകും.
- കോൺഫിഗറേഷൻ ടൂൾ ജാലകത്തിലെ Disc viewport ടെലസ്കോപ്പ് ദൃശ്യം സാധ്യമാക്കും

- കോൺഫിഗറേഷൻ → ടൂൾസ് ജാലകത്തിൽ സ്റ്റാറ്റസ് ബാറിലേക്ക് Nebula back ground, Flip ടൂളുകൾ ചേർക്കാനുള്ള സൗകര്യം ലഭ്യമാണ്.





- കീ ബോർഡ് ഷോട്ട് കട്ടുകൾ എഡിറ്റ് ചെയ്യാനാകും



കുജിസ്

- വെർഷൻ 1.7.3 എന്നത് 1.8.0 ആയി മാറിയിട്ടുണ്ട്

- പഠനപ്രവർത്തനത്തിന് നിർദ്ദേശിച്ചിരിക്കുന്ന Qgis പ്രോജക്ട് ഫയൽ ഫയൽ സിസ്റ്റത്തിലെ opt ഫോൾഡറിൽ ലഭ്യമാണ്. ഇത് കോപ്പി ചെയ്ത് ഹോമിൽ പേസ്റ്റ് ചെയ്യേണ്ടതാണ്.
- Applications → Science മെനു വിൽ Quantum GIS നോടൊപ്പം Quantum GIS Browser ഉം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ Quantum GIS ആണ് പ്രവർത്തിപ്പിക്കേണ്ടത്.
- New print Composer ജാലകത്തിൽ General, Item, Command History റ്റാബുകൾക്ക് പകരം Composition, Item Properties, Command history റ്റാബുകളാണുള്ളത്.
- Composition റ്റാബിൽ page settings ഓപ്ഷനുകളും Item Properties റ്റാബിൽ തിരഞ്ഞെടുത്ത ലെജന്റ്, ലേബൽ തുടങ്ങിയ റ്റൂളുകളുമായി ബന്ധപ്പെട്ട ഓപ്ഷനുകളും ലഭ്യമാണ്.



- പുതിയതായി വെക്ടർ ലെയർ (New Shapefile Layer) ഉൾപ്പെടുത്തുമ്പോൾ ലഭിക്കുന്ന CRS നിർവ്വചിക്കുന്നതിനുള്ള ആദ്യ ജാലകം ഒഴിവാക്കിയിട്ടുണ്ട്. ലെയർ ടൈപ്പ് തെരഞ്ഞെടുക്കുന്ന ജാലകത്തിൽ തന്നെയുള്ള Specify CRS ടാബ് ക്ലിക്ക് ചെയ്ത് ഇത് ചെയ്യാവുന്നതാണ്. (WGS 84 Zone 43N 32643) ചിത്രം 10, 11





- ജിയോ റഫറൻസ് പ്ലഗിൻ എനേബിൾ ചെയ്യുമ്പോൾ ജിയോ റഫറൻസർ ഓപ്ഷൻ ലഭ്യമാകുന്നത് വെക്ടർ മെനുവിലാണ്.
- View → Decorations മെനുവിൽ Scale bar, North arrow തുടങ്ങിയ ഓപ്ഷനുകൾ ലഭ്യമാണ്. (മുൻ വെർഷനിൽ Scale Bar ലഭ്യമാകാൻ പ്ലഗിൻ എനേബിൾ ചെയ്യേണ്ടിയിരുന്നു.)
- മുൻ വെർഷനിൽ വെക്ടർ മെനുവിലെ ഇന്റർസെക്ട് ഓപ്ഷൻ ഉപയോഗിച്ചാണ് ഇന്റർസെക്ട് ലെയർ നിർമ്മിക്കുകയും സവിശേഷതകൾ (Attributes) ശേഖരിക്കുകയും ചെയ്തിരുന്നത്. ഈ വെർഷനിൽ വെക്ടർ മെനുവിലെ SpatialQuery ഓപ്ഷനിലൂടെ ഇന്റർസെക്ട് ലെയർ നിർമ്മിക്കാം. SpatialQuery ജാലകത്തിൽ (ചിത്രം 12) ലെയറുകളും മോഡും തെരഞ്ഞെടുക്കാം.



തുടർന്ന് ലഭിക്കുന്ന ജാലകത്തിൽ നിന്നും (ചിത്രം 13) ഇന്റർസെക്ടിംഗ് ഒബ്ജക്ടുകൾ കണ്ടെത്തുകയും Create layer with List of Item ടാബ് ക്ലിക്ക് ചെയ്ത് ഇന്റർസെക്ടിംഗ് ലെയർ നിർമ്മിക്കുകയും ചെയ്യാം (ചിത്രം 14).





ജിയോജിബ്ര

സോഫ്റ്റ്വെയറിന്റെ 4.0. (IT@School Ubuntu 10.04 ൽ ഉൾപ്പെടുത്തിയത്) തന്നെയാണ് ഈ പതിപ്പിലും ഉൾപ്പെടുത്തിയിരിക്കുന്നത്.

Geogebra യും Firefox web browser ഉം അപ്ഡേറ്റ് ചെയ്യുകയാണെങ്കിൽ ബ്രൗസറിൽ പ്രവർത്തിപ്പിക്കാനായി എക്സ്പോർട്ട് ചെയ്തെടുത്ത അപ്ലെറ്റുകൾ ഓഫ്ലൈൻ ആയി പ്രവർത്തിപ്പിക്കാൻ പ്രയാസം നേരിട്ടേക്കാം.

ഇതു പോലെ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന OpenJDK അപ്ഡേറ്റ് ചെയ്യുകയാണെങ്കിൽ PhET പ്രവർത്തിപ്പിക്കുന്നതിലും പ്രയാസം അനുഭവപ്പെട്ടേക്കാം.

റ്റുപീ: റ്റുഡി മാജിക്

റ്റുപീ സോഫ്റ്റ്വെയർ 0.2 പതിപ്പ്. മുൻ പതിപ്പിനേക്കാളും കൂടുതൽ സൗകര്യങ്ങൾ ഇതിൽ ലഭ്യമാണ്. അവ താഴെ നൽകുന്നു.

- വിവിധ അളവിലുള്ള ക്യാൻ വാസ് : മുൻ പതിപ്പിനെ അപേക്ഷിച്ച് ക്യാൻവാസ് വലിപ്പം (Canvas Dimension) ആവശ്യമായ അളവിൽ ക്രമീകരിക്കാൻ പുതിയ പതിപ്പിൽ സാധിക്കുന്നു. മാത്രമല്ല, HD, DV, DVD ഫോർമാറ്റിലുള്ള Presets ക്യാൻവാസുകളും ഇതിൽ സജ്ജീകരിച്ചിട്ടുമുണ്ട്.
- Network Mode : പ്രൊജക്ട് ഫയലിനെ നെറ്റ്വർക്കു വഴി ഒരേ സമയം മറ്റു കമ്പ്യൂട്ടറുകളിലിരുന്ന് പ്രവർത്തിപ്പിക്കാനുള്ള സംവിധാനമാണ് ഇത്. പുതിയ പ്രൊജക്ട് നിർമ്മിക്കുന്ന ജാലകത്തിലെ Tupitube project ൽ ടിക് മാർക്ക് നൽകുക. തുടർന്ന് Network ജാലകത്തിൽ ആവശ്യമായ വിവരങ്ങൾ നൽകി ഇത് പ്രവർത്തനക്ഷമമാക്കാം. File മെനുവിലെ Open project from server ഉപയോഗിച്ച് സെർവർ കമ്പ്യൂട്ടറിലെ ഫയലിനെ പ്രവർത്തിപ്പിക്കാം.
- Flip Tool : ക്യാൻവാസിലെ ഒബ്ജക്ടുകളെ ഫ്ലിപ്പ് ചെയ്യാനുള്ള Flip ടൂൾ ഇപ്പോൾ ഇതിൽ ലഭ്യമാണ്. സെലക്ഷൻ ടൂൾ ഉപയോഗിക്കുമ്പോൾ ക്യാൻവാസിന്റെ വലതു ഭാഗത്ത് ഇത് ആക്ടീവ് ആകുന്നു.
- Full Screen Mode : ക്യാൻവാസ് ഫുൾസ്ക്രീനിൽ മോഡിലേക്ക് മാറ്റാനുള്ള മാറ്റാനുള്ള സൗകര്യം . ചിത്രങ്ങൾ വരയ്ക്കുമ്പോൾ ഈ സൗകര്യം സഹായകരമാകുന്നു. ഈ ടൂളിൽ ക്ലിക്കു ചെയ്ത് ഫുൾസ്ക്രീനിൽ മോഡിലേക്ക് ക്യാൻവാസിനെ മാറ്റാം. പൂർവ്വസ്ഥിതിയിലാക്കാൻ Esc കീ ഉപയോഗിച്ചാൽ മതി.

ജി തമ്പ് ഇമേജ് വ്യൂവർ

ഒരു ലളിതമായൊരു ഇമേജ് എഡിറ്റിംഗ് ടൂളാണ് gThumb. ജി തമ്പ് ഇമേജ് വ്യൂവറിന്റെ 2.14.3 പതിപ്പാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്റർഫേസിലും മെനുവിലും പ്രകടമായ കുറേ മാറ്റങ്ങൾ ഇതിൽ വരുത്തിയിരിക്കുന്നു. പ്രധാന മാറ്റങ്ങൾ:

- സോഫ്റ്റ്വെയർ തുറന്ന് ചിത്രം ഉൾപ്പെടുത്താൻ File → Import from folder ഉപയോഗിക്കാം. കൂടാതെ Browse സംവിധാനം (View the Folders) ഉപയോഗിച്ചും ഫയലുകളെ ഉൾപ്പെടുത്താം.
- പഴയ വേർഷനിൽ ലഭ്യമായിരുന്ന Image മെനു ഒഴിവാക്കിയിട്ടുണ്ട്. Tools മെനുവിന്റെ സ്ഥാനം പ്രധാന മെനുവിൽ നിന്ന് മാറ്റി പ്രത്യേകമാക്കിയിട്ടുണ്ട്. ചിത്രം ഉൾപ്പെടുത്തിയശേഷം വലതു ഭാഗത്ത് ആക്ടീവ് ആകുന്ന Edit file ടൂൾ ഉപയോഗിച്ച് ചിത്രങ്ങൾ എഡിറ്റ് ചെയ്യാം.



ഒഡാസിറ്റി

ഒഡാസിറ്റി സോഫ്റ്റ്വെയറിന്റെ 2.0.0 പതിപ്പ്. സ്റ്റേബിൾ പതിപ്പായി പുറത്തിറക്കിയിരിക്കുന്ന ഇതിൽ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാണ്.

- വീഡിയോ ഫയലുകളിൽ നിന്നും ഓഡിയോ മാത്രം വേർപ്പെടുത്താനുള്ള സൗകര്യം ഇപ്പോൾ ഒഡാസിറ്റിയിൽ ലഭ്യമാണ്. വീഡിയോ ഫയലുകളെ ഒഡാസിറ്റിയിൽ തുറക്കുമ്പോൾ അവയിലെ ഓഡിയോ ഫയലുകൾ മാത്രം Extract ചെയ്താണ് സോഫ്റ്റ്വെയറിലേക്ക് ഇംപോർട്ട് ആവുന്നത്.
- Cut, Delete, Trim എന്നിവ Edit → Remove Audio എന്ന മെനുവിലാണ് ക്രമീകരിച്ചിരിക്കുന്നത്.
- **Split, Join എന്നിവ Edit → Clip Boundaries എന്ന മെനുവിലാണ് ക്രമീകരിച്ചിരിക്കുന്നു.**

ടെക്സ്റ്റ് ഡോക്യുമെന്റുകൾ നിർമ്മിക്കാം

കീ ബോർഡുപയോഗിച്ച് ഇൻപുട്ട് ചെയ്യുന്ന പ്രധാന ഡാറ്റയാണ് ടെക്സ്റ്റ്. ഇങ്ങനെ ഇൻപുട്ട് ചെയ്യുന്ന ടെക്സ്റ്റിനെ എഡിറ്റ്, പ്രൊസസ്സ്, ടൈപ്പ് സെറ്റ്, പബ്ലിഷ് ചെയ്യുന്നതിനുള്ള നിരവധി സോഫ്റ്റ് വെയറുകൾ ഈ ഓപറേറ്റിങ്ങ് സിസ്റ്റത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജിഎഡിറ്റ്, ഗ്നു ഇമാക്സ് തുടങ്ങിയ ടെക്സ്റ്റ് എഡിറ്ററുകൾ, ഓപ്പൺ ഓഫീസ് റൈറ്റർ, അബിവേഡ് തുടങ്ങിയ വേഡ് പ്രോസസ്സറുകൾ, ലാടെക് ടൈപ് സെറ്റിങ്ങ്, സ്ക്രൈബസ് ഡെസ്ക്ടോപ് പബ്ലിഷർ തുടങ്ങിയവ ഇവയിൽ ഉൾപ്പെടുന്നു.

കുറിപ്പുകൾ

- ജിഎഡിറ്റ് ടെക്സ്റ്റ് എഡിറ്റർ Accessories മെനുവിൽ Text Editor എന്ന പേരിലാണ് ഈ OS ൽ ഉള്ളത്.
- ജിഎഡിറ്റ് ടെക്സ്റ്റ് എഡിറ്ററിൽ സേവു ചെയ്യുമ്പോൾ ഡിഫോൾട്ടായി വരുന്ന ലൊക്കേഷനിൽ സേവ് ആവില്ല. സേവ് ചെയ്യേണ്ട ലൊക്കേഷൻ പ്രത്യേകം സെലക്ട് ചെയ്യ നൽകണം.
- വലിയ ടെക്സ്റ്റ് ഫയലുകൾ ജിഎഡിറ്റിൽ തുറന്ന് എഡിറ്റ് ചെയ്യുന്നതിനേക്കാൾ നന്നായിരിക്കുക ഇമാക്സ് എഡിറ്ററിൽ തുറക്കുന്നതായിരിക്കും.
- Desktop Publishing നുള്ള Scribus സോഫ്റ്റ്വെയർ ഇൻഡിക് ഭാഷാ പിന്തുണയുള്ള പതിപ്പാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഭാഷാ കമ്പ്യൂട്ടിങ്ങിന് ഇത് സഹായകരമായിരിക്കും.

ചിത്രം, ഡോക്യുമെന്റ് ദർശിനികൾ

ചിത്രങ്ങൾ കാണുന്നതിനുള്ള സോഫ്റ്റ്വെയറുകളാണ് ചിത്ര ദർശിനികൾ. ജി-തമ്പ് ഇമേജ് വ്യൂവർ, eog ഇമേജ് വ്യൂവർ (Eye of Gnome), Shotwell photo viewer തുടങ്ങിയ സോഫ്റ്റ്വെയർ ഇത്തരത്തിലുള്ളതാണ്. Applications → Graphics മെനുവിൽ ഇവ കാണാം. പിഡിഎഫ് ഡോക്യുമെന്റുകൾ കാണുന്നതിന് ഡോക്യുമെന്റ് വ്യൂവർ, ഓക്യുലാർ തുടങ്ങിയ സോഫ്റ്റ്വെയറുകൾ ഉപയോഗിക്കാം. Applications → Office മെനുവിൽ ഇവയുൾപ്പെടുത്തിയിരിക്കുന്നു.

കുറിപ്പുകൾ

- ചിത്രങ്ങൾ തുറക്കുന്നതിനുള്ള default സോഫ്റ്റ്വെയറായ Image Viewer (eog) ൽ ചിത്രങ്ങൾ തുറന്ന് വരാൻ കൂടുതൽ സമയം എടുക്കുന്നതായി അനുഭവപ്പെടുന്നുണ്ടെങ്കിൽ ചിത്രത്തിൽ റൈറ്റ്ക്ലിക്ക് ചെയ്ത് default application ആയി shotwell നെ സെറ്റ് ചെയ്യാവുന്നതാണ്.
- ഫയൽ വലുപ്പം കൂടിയ pdf ഡോക്യുമെന്റുകളും ചിത്രങ്ങളും പ്രിന്റ് ചെയ്യുമ്പോൾ പ്രിന്റ് വരാത്ത പ്രശ്നമുണ്ടെങ്കിൽ അവയെ okular ൽ തുറന്ന് പ്രിന്റ് ചെയ്ത് നോക്കാവുന്നതാണ്.

ശബ്ദ-ചലച്ചിത്ര പ്ലെയറുകൾ

ശബ്ദ ഫയലുകൾ പ്രവർത്തിപ്പിക്കുന്നതിന് ഉൾപ്പെടുത്തിയിരിക്കുന്ന സോഫ്റ്റ്വെയറാണ് ഒഡേഷ്യസ്. റിഥം ബോക്സ് എന്ന സോഫ്റ്റ്വെയറും ഇക്കാര്യത്തിന് ഉപയോഗിക്കാം. Movie Player (totem), SM Player, VLC media player എന്നിവ ചലച്ചിത്ര ഫയലുകൾ പ്രവർത്തിപ്പിക്കുന്നതിനായുള്ളവയാണ്. ഫ്ലാഷ് മൂവി ഫയലുകൾ (swf) ഫയലുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഫ്ലാഷ് പ്ലെയറാണ് Gnash SWF Viewer

സമയം, തീയ്യതി തുടങ്ങിയവ ക്രമീകരിക്കാൻ





സിസ്റ്റത്തിന്റെ സമയം, തീയ്യതി തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിന് മുകൾപാനലിൽ ഇൻഡിക്കേറ്റർ അപ്ലെറ്റ് കാണാം. ഈ പാനലിൽ ക്ലിക്കു ചെയ്താൽ ലഭിക്കുന്ന ജാലകമാണ് താഴെ ഇടതു വശത്ത് കൊടുത്തിരിക്കുന്നത്. ഇതിൽ Time &Date Settings എന്നയിടത്താണ് തെറ്റായി കാണിക്കുന്ന സമയം ക്രമീകരിക്കുന്നതിന് ക്ലിക്കു ചെയ്യേണ്ടത്. ഇവിടെ നിന്നും ലഭിക്കുന്ന System Settings ജാലകത്തിൽ Date & Time എന്നയിനം തെരെഞ്ഞെടുക്കുമ്പോൾ ലഭിക്കുന്ന ജാലകമാണ് വലതു വശത്ത്. ഇവിടെ നമുക്ക് സമയം, അത് പ്രദർശിപ്പിക്കേണ്ട വിധം എന്നിവ ക്രമീകരിക്കാം.

വ്യക്തിഗത ഉപയോക്താക്കളുടെ നിർമ്മാണം ((Users &Groups)

ഒരു സിസ്റ്റത്തിൽ സാധാരണ ഗതിയിൽ ഒരു അഡ്മിനിസ്ട്രേറ്റർ ഉപയോക്താവും ആ പദവിയില്ലാത്ത മറ്റു ഉപയോക്താക്കളും ഉണ്ടാകും. ഇത്തരത്തിലുള്ള സിസ്റ്റം ഉപയോക്താക്കളുടെ നിർമ്മാണവും പദവികളുടെ നിയന്ത്രിതമോ അല്ലാത്തതോ ആയ അനുവാദവും താഴെ പറയുന്ന രീതിയിൽ ചെയ്യാൻ സാധിക്കും. System Settings എന്ന ജാലകത്തിൽ നിന്നും User Accounts എന്നയിനം തെരെഞ്ഞെടുക്കുക. തുടർന്ന് UnLock ബട്ടണിൽ ക്ലിക്ക് ചെയ്യുക.(അഡ്മിനിസ്ട്രേറ്റീവ് പാസ്വേഡ് നൽകേണ്ടി വരും.) തുടർന്ന് താഴെയുള്ള + ചിഹ്നത്തിൽ ക്ലിക്കു ചെയ്ത് User Name കൊടുക്കാം. ഉപയോക്താവിന്റെ പദവി, പാസ്വേഡ് തുടങ്ങിയവ തുടർന്ന വരുന്ന ജാലകത്തിൽ ക്രമീകരിക്കാം. Account Type എന്നതിനു നേരെയുള്ള ബോക്സിൽ ക്ലിക്ക് ചെയ്ത് Standard, Administrator എന്നിവയിൽ ആവശ്യമായത് തെരഞ്ഞെടുക്കാം. Password നു നേരെയുള്ള Account disabled എന്നതിൽ ക്ലിക്ക് ചെയ്ത് പാസ്സ്വേർഡ് നൽകി യൂസറെ സജ്ജമാക്കാം.

ശബ്ദം റെക്കോർഡു ചെയ്യാൻ, എഡിറ്റു ചെയ്യാൻ

സിസ്റ്റത്തിൽ മൈക്രോഫോൺ ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ നമുക്ക് ശബ്ദം റെക്കോർഡ് ചെയ്യാൻ സാധിക്കും. ഇതിനായി ഗ്നോം സൗണ്ട് റെക്കോർഡർ, ഒഡാസിറ്റി തുടങ്ങിയ സോഫ്റ്റ്വെയറുകൾ ഉപയോഗിക്കാം. ഇതിൽ ഒഡാസിറ്റി സൗണ്ട് എഡിറ്റർ സോഫ്റ്റ്വെയർ കൂടിയാണ്.



കാഴ്ചക്കുറവുള്ളവർക്കുള്ള സോഫ്റ്റ്വെയറുകൾ

കാഴ്ചയില്ലാത്തവരെ കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിന് സഹായിക്കുന്ന സ്ക്രീൻ റീഡർ സോഫ്റ്റ്വെയറാണ് Orca. പുസ്തകങ്ങൾ സ്കാൻ ചെയ്ത് വായിക്കുന്നതിനുള്ള സോഫ്റ്റ്വെയറാണ് ലിയോസ് (Lios). Canon Lide 100 സ്കാനർ ഉപയോഗിച്ച് ഇത് പ്രവർത്തിപ്പിക്കണം. ആറു കീകൾ മാത്രം ഉപയോഗിച്ച് ബ്രെയിൽ ലിപിയിൽ ടൈപ്പു ചെയ്യുന്നതിനുള്ള സോഫ്റ്റ്വെയറാണ് ശാരദാ ബ്രെയിൽ റൈറ്റർ. LIOS, Sharada braille writer എന്നീ സോഫ്റ്റ്വെയറുകൾ നിർമ്മിച്ചത് കാസർകോട്ടുള്ള സത്യശീലൻ മാസ്റ്ററും അദ്ദേഹത്തിന്റെ മകൻ നളിനും ചേർന്നാണ്.

ആർക്കൈവുകളും ഫയൽ കംപ്രഷനും

ഒരു ഫോൾഡറിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒന്നോ അതിലധികമോ ഫയലുകളെ ഇ-മെയിലായി അയക്കാനും മറ്റുമായി ഒറ്റ യൂണിറ്റായി മാറ്റുന്നതിനാണ് ആർക്കൈവിങ്ങ് എന്നു പറയുന്നത്. ഫയൽ വലിപ്പം കുറക്കാനായി ഈ ഫോൾഡറിനെ (ആർക്കൈവ് ആക്കി മാറ്റിയോ അല്ലാതെയോ) കംപ്രസ് ചെയ്യുകയും ചെയ്യാം. ഇങ്ങനെ കംപ്രസ് ചെയ്യുന്നതിന് പല രീതികളുണ്ട് (കംപ്രഷൻ അൽഗരിതം). ഉപയോഗിക്കപ്പെടുന്ന അൽഗരിതം അനുസരിച്ച് gz, zip, 7z, rar തുടങ്ങിയ വിവിധ രീതികളുണ്ട്. ഇതിന് ഫയൽ റോളർ ആർക്കൈവ് മാനേജർ എന്ന സോഫ്റ്റ്വെയർ ഉപയോഗിക്കാം. കംപ്രസ് ചെയ്യേണ്ട ഫോൾഡറിൽ മൗസിന്റെ വലതു ബട്ടൻ ക്ലിക്കു ചെയ്ത് വരുന്ന മെനുവിൽ നിന്നും കംപ്രസ് എന്ന ഇനം പ്രവർത്തിപ്പിച്ച് ആർക്കൈവുകളും കംപ്രസ് ചെയ്ത ഫയലുകളും തയ്യാറാക്കാം.

വലിയ ഫയലുകളെ split ചെയ്യാനും, split ചെയ്ത ഫയലുകളെ വീണ്ടും ഒന്നാക്കാനും സഹായിക്കുന്ന സോഫ്റ്റ്വെയറാണ് **GNOME Split.**

സ്ക്രീൻ ഷോട്ടുകളും സ്ക്രീൻ പ്രവർത്തനങ്ങളുടെ വിഡിയോയും

നമ്മുടെ കമ്പ്യൂട്ടറിന്റെ സ്ക്രീനിൽ കാണുന്ന ദൃശ്യത്തിന്റെ (ജാലകങ്ങളുടെയും മറ്റു സിസ്റ്റം ഡെസ്ക്ടോപ്പ് സംവിധാനങ്ങളുടേയും) ചിത്രങ്ങൾ തയ്യാറാക്കാവുന്ന സംവിധാനമാണ് സ്ക്രീൻ ഷോട്ട്. ഗ്നോം സ്ക്രീൻഷോട്ട്, ഷട്ടർ, കെസ്നാപ്ഷോട്ട് തുടങ്ങിയ സോഫ്റ്റ്വെയറുകൾ ഇക്കാര്യത്തിനായി ഉപയോഗിക്കാം.

Applications → Accessaries → Screenshot എന്ന രീതിയിൽ ഗ്നോം സ്ക്രീൻഷോട്ട് സോഫ്റ്റ്വെയർ

തുറക്കാം. ഡെസ്ക്ടോപ്പിന്റേയും അതിൽ തുറന്നുവെച്ചിരിക്കുന്ന ജാലകങ്ങളുടേയും മുഴുവനായോ ചില ഭാഗങ്ങൾ മാത്രമായോ ഉള്ള ചിത്രങ്ങൾ ഇതുപയോഗിച്ച് തയ്യാറാക്കാൻ സാധിക്കും. കീബോർഡ് കീകൾ ഉപയോഗിച്ചും ഈ സോഫ്റ്റ്വെയറിനെ എളുപ്പത്തിൽ നിയന്ത്രിക്കാനാകും. മൗസ് ഉപയോഗിച്ചുള്ള സെലക്ഷനുകൾ ഉൾപ്പെടുന്ന സ്ക്രീൻഷോട്ടുകളെടുക്കാൻ Grab after a delay എന്ന ഭാഗം സെലക്ട് ചെയ്ത് അവിടെ നൽകിയിട്ടുള്ള സമയക്രമീകരണം ഉപയോഗപ്പെടുത്തണം

കീബോർഡിലെ Prt Scr കീ അമർത്തിയാൽ ഡെസ്ക്ടോപ് ദൃശ്യം മൊത്തമായും സിസ്റ്റത്തിൽ സേവു ചെയ്യപ്പെടുന്നു. ഇതിനു പകരം Alt കീ അമർത്തിപ്പിടിച്ച ശേഷമാണ് Prt Scr കീ അമർത്തിയത് എങ്കിൽ ആ സമയത്ത് സ്ക്രീനിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ്വെയർ ജാലകത്തിന്റെ ചിത്രമായിരിക്കും സേവു ചെയ്യപ്പെടുന്നത്.

കുറിപ്പ് :

ഓപറേറ്റിങ്ങ് സിസ്റ്റത്തിന്റെ മുൻപതിപ്പുകളിൽ നിന്നും വ്യത്യസ്തമായി ഹോം ഫോൾഡറിനകത്ത് Picture എന്ന സബ്-ഫോൾഡറിനകത്താണ് ഇത്തരത്തിലെടുക്കുന്ന സ്ക്രീൻഷോട്ടുകൾ സേവ് ചെയ്യപ്പെടുന്നത്.

സ്ക്രീൻ കാസ്റ്റിങ്ങ്

സ്ക്രീൻഷോട്ടുകൾ എടുക്കുന്ന പോലെതന്നെ സ്ക്രീൻ പ്രവർത്തനങ്ങൾ മുഴുവനായി വിഡിയോ റെക്കോർഡ് ചെയ്യുകയും ചെയ്യാവുന്നതാണ്. ഈ പ്രവർത്തനമാണ് സ്ക്രീൻ റെക്കോർഡിങ്ങ്. Kazam Screencaster, RecordMyDesktop, XvidCap തുടങ്ങിയ സോഫ്റ്റ്വെയറുകൾ ഇക്കാര്യത്തിനായി ഉപയോഗിക്കാം. ഈ സോഫ്റ്റ്വെയറുകൾക്ക് നാം മൈക്രോഫോൺ വഴി കൊടുക്കുന്ന വിവരങ്ങളോടൊപ്പം സിസ്റ്റം പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ അതത് ജാലകങ്ങളിൽ നിന്നുള്ള ശബ്ദവും റിക്കോർഡ് ചെയ്യുവാൻ സാധിക്കും. ഈ രണ്ട് ശബ്ദ ഇൻപുട്ടുകളും ശരിയായി ക്രമീകരിക്കാൻ പൾസ് ഓഡിയോ സോഫ്റ്റ്വെയർ ഉപയോഗിക്കാം. Sound & Video → Pulse Audio Volume Control എന്ന രീതിയിൽ ഈ സോഫ്റ്റ്വെയർ തുറന്ന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുക. Xvidcap സോഫ്റ്റ്വെയർ ഉപയോഗിച്ച് സ്ക്രീൻ റെക്കോർഡ് ചെയ്യുന്നതിനുള്ള പൾസ് ഓഡിയോ ക്രമീകരണമാണ് താഴെയുള്ള ചിത്രത്തിൽ കാണുന്നത്.



പ്രിന്റിംഗ്

കുറെയധികം പ്രിന്ററുകൾ ഐടി@സ്കൂൾ ഗ്നു ലിനക്സ് ഓപറേറ്റിങ്ങ് സിസ്റ്റത്തിൽ സമാഹരിച്ചിട്ടുണ്ട്. സാംസങ്ങ് ML-1640, ML-1660, HP F2488 തുടങ്ങിയ പ്രിന്ററുകൾ ഇവയിൽ ഉൾപ്പെടുന്നു. ഈ പ്രിന്ററുകൾ സിസ്റ്റത്തിൽ ഇൻസ്റ്റാൾ ചെയ്യുന്നതിന് പ്രിന്റർ ഘടിപ്പിച്ച് സിസ്റ്റം ഓട്ടോ കോൺഫിഗർ ചെയ്യപ്പെടുന്നത് ശ്രദ്ധിച്ചാൽ മാത്രം മതിയാകും.



പ്രിന്റർ സെറ്റിംഗ്സ് ലഭിക്കുന്നതിന് മുകളിലെ പാനലിന്റെ വലതുവശത്തു കാണുന്ന Applet ലെ Printers മെനുവാണ് ഉപയോഗിക്കേണ്ടത്.



ഇമേജ് സ്കാനറുകൾ

ഡോക്യുമെന്റുകളുടെ ഹാർഡ് കോപികൾ സ്കാൻ ചെയ്ത് അവയുടെ ഇമേജ് സിസ്റ്റത്തിലേക്ക് ഉൾപ്പെടുത്തുന്നതിനുള്ള രണ്ട് സോഫ്റ്റ്വെയറുകൾ മെനുവിൽ ഉൾപ്പെടുത്തിയിരിക്കുന്നു. Sample Scan, Xsane Image Scaning Program എന്നിവയാണ് അവ. Applications → Graphics മെനുവിൽ നിന്നും ഇവ എടുക്കാവുന്നതാണ്.

വെബ് ക്യാമറകൾ പ്രവർത്തിപ്പിക്കുമ്പോൾ

നമ്മുടെ സിസ്റ്റത്തിൽ വെബ് ക്യാമറ ഉണ്ടായിരിക്കുമ്പോൾ, അതിൽ നിന്നും ലഭിക്കുന്ന ചിത്രങ്ങളും വിഡിയോയും വീക്ഷിക്കുന്നതിനും സേവു ചെയ്യുന്നതിനുമുള്ള അപ്ലിക്കേഷനുകളും സിസ്റ്റത്തിൽ ഉണ്ടായിരിക്കണം. Sound & Video മെനുവിൽ ഉൾപ്പെടുത്തിയിരിക്കുന്ന guvcview, Cheese webcam application എന്നീ സോഫ്റ്റ്വെയർ ഇക്കാര്യത്തിന് ഉപയോഗിക്കാം.

കമ്പ്യൂട്ടർ നെറ്റുവർക്കുകൾ

കമ്പ്യൂട്ടറുകളെയും പ്രിന്റർ, സ്കാനർ തുടങ്ങിയ ഘടകങ്ങളേയും തമ്മിൽ വിവര വിനിമയം സാധ്യമാകത്തക്ക വിധം തമ്മിൽ ഘടിപ്പിക്കുന്നതിനെയാണല്ലോ നെറ്റ്വർക്ക് എന്നു പറയുന്നത്. ഡെസ്ക്ടോപിന്റെ മുകൾ പാനലിലുള്ള നെറ്റ്വർക്ക് ഇൻഡിക്കേറ്റർ അപ്ലെറ്റിൽ ക്ലിക്കു ചെയ്താൽ ഒരു കമ്പ്യൂട്ടർ നെറ്റ്വർക്കിൽ ഉൾപ്പെടുത്തുമ്പോൾ ചെയ്തിരിക്കേണ്ട ക്രമീകരണങ്ങൾ ചെയ്യാനുള്ള Edit Connections ജാലകം ലഭ്യമാകുന്നു.



നെറ്റ്വർക്കുപയോഗിച്ചുള്ള ഫയൽ പങ്കുവെക്കൽ

നെറ്റ്വർക്കിൽ ഉൾപ്പെട്ട സിസ്റ്റങ്ങൾ തമ്മിൽ ഫയലുകൾ പങ്കുവെക്കാൻ സാധിക്കും.

ഡെസ്ക്ടോപിലെ മുകൾ പാനലിലുള്ള Places → Connect to Server എന്ന മെനുവിൽ നിന്നും ലഭിക്കുന്ന ജാലകത്തിൽ 192.168.1.169 എന്ന ഐപി വിലാസമുള്ള ഒരു സിസ്റ്റവുമായി കണക്ട് ചെയ്യാനുള്ള വിവരങ്ങൾ കൊടുത്തിരിക്കുന്നതു കാണുക.



റിമോട്ട് ഡെസ്കടോപ്

നെറ്റവർക്കിൽ ഉൾപ്പെട്ട മറ്റൊരു സിസ്റ്റത്തെ നമ്മുടെ സിസ്റ്റം ഉപയോഗിച്ച് നിരീക്ഷിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യാം. ഇതിനാണ് റിമോട്ട് ഡെസ്കടോപ് നിയന്ത്രണ പ്രോഗ്രാമുകൾ. Internet → Gtk-VNC Viewer, Remote Desktop Viewer എന്ന മെനുവിൽ കൊടുത്തിരിക്കുന്ന വിനാഗ്രേ, Remmina Remote Desktop Viewer എന്നീ സോഫ്റ്റ്വെയറുകൾ ഈ ആവശ്യത്തിനുള്ളതാണ്.



ഒരു സിസ്റ്റത്തെ മറ്റൊരു സിസ്റ്റം ഉപയോഗിച്ച് നിയന്ത്രിക്കുന്നതിന് മുൻപ് നിയന്ത്രിക്കപ്പെടുന്ന സിസ്റ്റം അതിന് അനുവദിക്കേണ്ടതുണ്ട്. ഇതിന് Applications → Internet → Desktop Sharing എന്ന ക്രമത്തിലോ Applications → System Tools → Preferences → Desktop Sharing എന്ന രീതിയിലോ Desktop Sharing Prefences എടുത്ത് ഇതിനുള്ള അനുവാദം കൊടുക്കാം.

Gtk-VNC Viewer ഉപയോഗിച്ച് 192.168.1.12 എന്ന ഐപി വിലാസമുള്ള ഒരു സിസ്റ്റത്തെ നിയന്ത്രിക്കുന്നതിനായി സജ്ജീകരിക്കുന്ന ജാലകമാണ് താഴെ കൊടുത്തിരിക്കുന്നത്.



Disk Utility

കമ്പ്യൂട്ടറിലെ വിവര സംഭരണോപാധികളെ (Hard disk, External storages like CD, Pen drive) കൈകാര്യം ചെയ്യാൻ സഹായിക്കുന്ന അപ്ലിക്കേഷനാണ് ഡിസ്ക് യൂട്ടിലിറ്റി. ഇതുപയോഗിച്ച്,

- ലഭ്യമായ വിവര സംഭരണോപാധികൾ എതെല്ലാമെന്ന് കാണാം
- ഡ്രൈവ് ഫോർമാറ്റ് ചെയ്യാം

- ഡ്രൈവ് പാർട്ടീഷനുകളെ കുറിച്ചുള്ള വിവരങ്ങൾ (File Type,Size, etc...)അറിയാം.
- ഡ്രൈവ് പാർട്ടീഷനുകൾ നിർമ്മിക്കുന്നതിനും ഡിലീറ്റ് ചെയ്യുന്നതിനും എഡിറ്റ് ചെയ്യുന്നതിനും, ഫോർമാറ്റ് ചെയ്യുന്നതിനും സഹായിക്കുന്നു.



- ഡ്രൈവ് പാർട്ടീഷനുകൾ മൗണ്ട് (Mount)ചെയ്യുന്നതിനും അൺ-മൗണ്ട് (UnMount)ചെയ്യുന്നതിനും സഹായിക്കുന്നു.



- SMART : നിലവിലെ പല ATA , SCSI ഹാർഡ് ഡിസ്കുകളിലും ലഭ്യമായ സംവിധാനമാണ് “Self-Monitoring, Analysis, and Reporting Technology” (SMART). SMART ഹാർഡ് ഡിസ്കുകൾ സ്വയം പരിശോധന നടത്തി, അതിന്റെ health , performance റിപ്പോർട്ട് തയ്യാറാക്കുന്നു.

വീഡിയോ സിഡി മൂവീപ്ലെയറിൽ പ്രവർത്തിപ്പിക്കുന്നതിന്

സിഡി ഡ്രൈവിൽ വിസിഡി ഇടുക.

അല്പ നിമിഷങ്ങൾക്കുശേഷം താഴേ കാണുന്ന ഒരു പുതിയ ജാലകം പ്രത്യക്ഷപ്പെടും



Ask What to do എന്ന ഡ്രോപ്ഡൗൺ മെനുവിൽ നിന്ന് Movie Player സെലക്ട് ചെയ്യുക.



OK കൊടുക്കുക

ഇങ്ങനെ പ്രവർത്തിപ്പിക്കുമ്പോൾ ചില സന്ദർഭങ്ങളിൽ താഴേ ചിത്രത്തിലേതുപോലുള്ള ഒരു എറർ സന്ദേശം പ്രത്യക്ഷപ്പെടാം.



OK കൊടുക്കുക

തുടർന്ന് ജാലകത്തിലെ Movie എന്ന മെനുവിൽ നിന്നും Play Disc "Name of the VCD" ക്ലിക്ക് ചെയ്യുക.

വീഡിയോ സിഡി പ്രവർത്തിക്കുന്നതാണ്. ഈ മാർഗം മറ്റു മീഡിയാ പ്ലെയറുകളിലും അവലംബിക്കാവുന്നതാണ്.

Gespeaker

വിവിധ ഭാഷകളിലുള്ള എഴുത്തിനെ ശബ്ദമാക്കിമാറ്റാനും, wav ഫോർമാറ്റിലേയ്ക്ക് മാറ്റി സൂക്ഷിക്കാനും സഹായിക്കുന്ന ഒരു ഇ-സ്പീക്കർ സോഫ്റ്റ്വെയറാണ്.

Applications → Sound & Video → Gespeaker എന്ന ക്രമത്തിലാണ് ഇത് തുറക്കുന്നത്.

സോഫ്റ്റ്വെയർ തുറന്നുവരുമ്പോൾ കാണുന്ന ജാലകത്തിൽ, Insert text to play എന്ന നിർദ്ദേശത്തിനു ചുവടെ നമുക്ക് ശബ്ദമായി കേൾക്കേണ്ട ടെക്സ്റ്റുകൾ ചേർത്ത്, Play ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോൾ ടെക്സ്റ്റുകൾ കേൾക്കുവാൻ സാധിക്കും.



നേരത്തേ തയ്യാറാക്കിയ ടെക്സ്റ്റുകളെ Copy / Paste ചെയ്യും ഇത് പ്രവർത്തിപ്പിക്കാവുന്നതാണ്.



ചേർത്ത ടെക്സ്റ്റുകളെ ആൺ പെൺ ശബ്ദങ്ങളിൽ വേറിട്ട് കേൾക്കുവാനുള്ള സൗകര്യവും ഇതിലുണ്ട്.

ഇന്ന് ലോകത്ത് ഉപയോഗിക്കുന്ന നിരവധി ഭാഷകൾ കൈകാര്യം ചെയ്യുന്നതിന് ഈ സോഫ്റ്റ്വെയർ പര്യാപ്തമാണ്. Pitch. Volume, Speed, Delay എന്നിവയിൽ മാറ്റം വരുത്താനുള്ള സംവിധാനവും നിലവിലുണ്ട്.

ടെക്സ്റ്റുകളെ wav ഫോർമാറ്റിലേയ്ക്ക് മാറ്റി സൂക്ഷിക്കാനായി, Record ബട്ടൺ ക്ലിക്ക് ചെയ്ത്, ഫയൽനാമം നൽകി സേവ് ചെയ്ത്, Play ബട്ടൺ അമർത്തിയാൽ, എന്റർ ചെയ്ത ടെക്സ്റ്റുകൾ ശബ്ദഫയലായി Home ഫോൾഡറിൽ സൂക്ഷിക്കപ്പെടും.



യൂസർ പാസ്‌വേഡ് റീസെറ്റ് ചെയ്യാൻ

യൂസർ പാസ്‌വേഡ് മാറ്റാനായി sudo psswd username (username എന്നിടത്ത് ഏത് യൂസറിന്റെ പാസ്‌വേഡാണോ മാറ്റേണ്ടത് പ്രസ്തുത യൂസർനാമം) എന്ന കമാന്റാണ് നൽകേണ്ടത്. എന്നാൽ യൂസർ പാസ്‌വേഡ് മറന്നു പോവുകയാണെങ്കിൽ ഈ മാർഗം പറ്റില്ല. പകരം താഴെ നൽകിയിരിക്കുന്ന രീതിയിൽ പാസ്‌വേഡ് റീസെറ്റ് ചെയ്യാവുന്നതാണ്.

- ബൂട്ട് ചെയ്യ വരുമ്പോഴുള്ള ഗ്രബ് മെനുവിലെ Recovery Mode ൽ പ്രവേശിക്കുക

  (*ഒരു OS മാത്രമുള്ള കമ്പ്യൂട്ടറുകളിൽ Grub Menu പ്രത്യക്ഷപ്പെടാറില്ല. Grub Menu പ്രത്യക്ഷമാക്കാൻ ബൂട്ടിങ് തുടങ്ങുമ്പോൾ തന്നെ Shift key അമർത്തിപ്പിടിക്കുക*)



- തുടർന്ന് ദൃശ്യമാവുന്ന സ്ക്രീനിൽ നിന്നും "Drop to root shell prompt ൽ പ്രവേശിക്കുക.



- തുടർന്ന് ഷെല്ലിൽ താഴെ കാണുന്ന കമാന്റുകൾ ഓരോന്നായി ടൈപ്പ് ചെയ്ത് എന്റർ ചെയ്യുക
- mount -rw -o remount / (പെർമിഷനോടെ ഫയൽ സിസ്റ്റം മൗണ്ട് ചെയ്യാൻ)
- passwd username (യൂസർ പാസ്വേഡ് മാറ്റാൻ)
    - (യൂസർ നെയിം എന്നിടത്ത് ഏത് യൂസറിന്റെ പാസ്വേഡാണോ മാറ്റേണ്ടത് പ്രസ്തുത യൂസറിന്റെ നാമമാണ് നൽകേണ്ടത്. Ex: passwd its)
- തുടർന്ന് പുതിയ പാസ്വേഡ് നൽകി എന്റർ ചെയ്യുക. (പാസ്വേഡ് കൺഫമേഷനായി വീണ്ടും എന്റർ ചെയ്യാൻ ആവശ്യപ്പെടുമ്പോൾ നൽകുക.)
- യൂസർ നെയിം മറന്നു പോയിട്ടുണ്ടെങ്കിൽ ls /home എന്ന കമാന്റ് നൽകി ഹോം ഫോൾഡർ ലിസ്റ്റു ചെയ്യിക്കാവുന്നതാണ്.
- reboot (സിസ്റ്റം റീബൂട്ട് ചെയ്യാൻ)

എന്നാൽ സിസ്റ്റത്തിൽ അഡ്മിനിഷ്ട്രേറ്റർ യൂസറെ കൂടാതെ പ്രത്യേകം root യൂസറെ ക്രിയേറ്റു ചെയ്തിട്ടുണ്ടെങ്കിൽ മുകളിൽ നൽകിയിരിക്കുന്ന രീതിയിൽ പാസ്വേഡ് റീസെറ്റ ചെയ്യാൻ സാധിക്കില്ല. അത്തരം സന്ദർഭങ്ങളിൽ താഴെ നൽകിയിരിക്കുന്ന മാർഗമാണ് അവലംബിക്കേണ്ടത്.

- ബൂട്ട് ചെയ്യുമ്പോഴുള്ള ഗ്രബ് മെനു പ്രത്യക്ഷപ്പെടുമ്പോൾ ആരോ ഉപയോഗിച്ച് ബൂട്ടിംഗ് ഫ്രീസ് ചെയ്യുക.
- ഗ്രബ് മെനുവിൽ നിന്നും ബൂട്ട് ചെയ്യേണ്ട കേർണൽ സെലക്ട് ചെയ്യുക. (Don't select Recovery Mode)
- ഈ കേർണൽ എഡിറ്റ് ചെയ്യാൻ കീബോർഡിൽ ' e ' അമർത്തുക.
- Linux എന്നു തുടങ്ങുന്ന വരിയുടെ അവസാനം ro എന്നതിന് പകരം താഴെ പറയുന്ന വരി കൂട്ടിച്ചേർക്കുക. (തൊട്ടടുത്ത വരികളിൽ മാറ്റം വരുത്തരുത്.)
- rw init=/bin/bash എന്ന് 'ടൈപ്പ് ചെയ്യുക.
- F10 അമർത്തി ഇതിൽ നിന്നും ബൂട്ട് ചെയ്യിക്കുക. (ബൂട്ട് ചെയ്യാൻ Ctrl+X അമർത്തിയാലും മതി.)

- ഇങ്ങനെ ബൂട്ട് ചെയ്യുമ്പോൾ root shell പ്രോംപ്റ്റിൽ എത്തിച്ചേരുന്നു.
- തുടർന്ന് ഷെല്ലിൽ താഴെ കാണുന്ന കമാന്റുകൾ ഓരോന്നായി ടൈപ്പ് ചെയ്ത് എന്റർ ചെയ്യുക
- mount -rw -o remount / (പെർമിഷനോടെ ഫയൽ സിസ്റ്റം മൗണ്ട് ചെയ്യാൻ)
- passwd username (യൂസർ പാസ്‌വേഡ് മാറ്റാൻ)
    - (യൂസർ നെയിം എന്നിടത്ത് ഏത് യൂസറിന്റെ പാസ്‌വേഡാണോ മാറ്റേണ്ടത് പ്രസ്തുത യൂസറിന്റെ നാമമാണ് നൽകേണ്ടത്. Ex: passwd its)
- തുടർന്ന് പുതിയ പാസ്‌വേഡ് നൽകി എന്റർ ചെയ്യുക. (കൺഫർമേഷനായി വീണ്ടും എന്റർ ചെയ്യാൻ ആവശ്യപ്പെടുമ്പോൾ നൽകുക.
- യൂസർ നെയിം മറന്നു പോയിട്ടുണ്ടെങ്കിൽ ls /home എന്ന കമാന്റ് നൽകി ഹോം ഫോൾഡറുകളെ ലിസ്റ്റു ചെയ്യിക്കാവുന്നതാണ്.
- reboot (സിസ്റ്റം റീബൂട്ട് ചെയ്യാൻ)

യൂസർ അക്കൗണ്ട് ഡിലിറ്റ് ചെയ്യാൻ

സിസ്റ്റത്തിലെ യൂസർ വിവരങ്ങൾ ഡീലിറ്റ് ചെയ്യാൻ User Accounts ൽ തന്നെ സൗകര്യമുണ്ട്. താഴെ പറയുന്ന കമാന്റ് ഉപയോഗിച്ച് യൂസർ അക്കൗണ്ടും അനുബന്ധ വിവരങ്ങളും റിമൂവ് ചെയ്യാവുന്നതാണ്.

- sudo userdel -r username (username എന്നിടത്ത് ഏത് യൂസർ അക്കൗണ്ടാണോ ഡീലിറ്റ ചെയ്യേണ്ടത് പ്രസ്തുത യൂസറിന്റെ നാമമാണ് നൽകേണ്ടത്. Ex: sudo userdel -r its)

ഗ്രബ് റീഇൻസ്റ്റാൾ ചെയ്യാൻ

IT@School GNU/Linux 12.04 ലൈവ് സി.ഡി ഉപയോഗിച്ച് ഗ്രബ് റീഇൻസ്റ്റാൾ ചെയ്യുക, MBR റീസ്റ്റോർ ചെയ്യുക എന്നീ പ്രവർത്തനങ്ങളും ചെയ്യാവുന്നതാണ്. ലൈവ് സി.ഡി.യിൽ ഉൾപ്പെടുത്തിയിരിക്കുന്ന boot-repair എന്ന പാക്കേജ് ഉപയോഗിച്ചാണ് ഇത് സാധ്യമാവുന്നത്. ഈ പ്രവർത്തനം താഴെയുള്ള രീതിയിൽ ചെയ്യാവുന്നതാണ്.

- ലൈവ് സി.ഡി.യിൽ നിന്ന് ബൂട്ട് ചെയ്ത് Try Ubuntu without installing വഴി ഡെസ്ക്ടോപിൽ പ്രവേശിക്കുക.
- Applications → System Tools → Administration→ Synaptic Package Manager തുറക്കുക.
- Settings → Repositories തുറക്കുക.
- Updates ടാബ് തുറന്ന് എല്ലാ വരികളുടെയും മുമ്പിലെ 'ചെക്ക്' മാർക്ക് കളയുക.

  Other Software ടാബ് തുറന്ന് file:///usr/share/local-repository binary എന്ന വരിയുടെ മുമ്പിലെ 'ചെക്ക്' മാർക്ക് കളയാതെ നിലനിർത്തുക.

  Ubuntu Software ടാബ് തുറന്ന് എല്ലാ വരികളുടെയും മുമ്പിലെ 'ചെക്ക്' മാർക്ക് കളയുക
- സിനാപ്റ്റിക് ക്ലോസ് ചെയ്യുക.
- തുടർന്ന് ടെർമിനൽ തുറന്ന് താഴെ പറയുന്ന കമാന്റ് ടൈപ്പ് ചെയ്യുക.

- sudo apt-get update (പാക്കേജ് ഇൻഡക്സ് റീലോഡ് ചെയ്യുന്നു)
- sudo apt-get install boot-repair (boot-repair ഇൻസ്റ്റാൾ ചെയ്യാനാണിത്. ഇവിടെ ഇന്റർനെറ്റ് ആവശ്യമില്ല.)

- തുടർന്ന് boot-repair പ്രവർത്തിപ്പിക്കാനായി താഴെ പറയുന്ന കമാന്റ് ടൈപ്പ് ചെയ്യുക.
  - sudo boot-repair
- അപ്പോൾ താഴെ കാണുന്ന രീതിയിൽ ബൂട്ട് റിപ്പയർ സോഫ്റ്റ്വെയർ തുറന്നു വരുന്നു



- ഇതിലെ "Recommended repair (...)" ൽ ക്ലിക്ക ചെയ്യുക.
- പ്രവർത്തനം വിജയകരമായി അവസാനിക്കുമ്പോൾ താഴെ കാണുന്ന സ്ക്രീൻ ദൃശ്യമാകുന്നു. തുടർന്ന് സിസ്റ്റം റീബൂട്ട് ചെയ്യുക.



ബൂട്ട്ലോഡർ ക്രമീകരിക്കാം

മുൻപതിപ്പുകളിൽ ബൂട്ട്ലോഡർ ക്രമീകരിക്കാനുള്ള ടൂളായി ഉപയോഗിച്ചിരുന്ന Start-up-Manager ന് പകരം Grub Customizer സോഫ്റ്റ്വെയറാണ് ഇതിൽ പ്രസ്തുത ആവശ്യത്തിനായി ഉപയോഗിക്കേണ്ടത്. ഈ ടൂൾ ഉപയോഗിച്ച് ബൂട്ട്ലോഡർ ക്രമീകരിക്കുന്ന വിധം താഴെ നൽകുന്നു.

- Applications-System Tools -Administrations- Grub Customizer തുറക്കുക.
- തുറന്നു വരുന്ന ജാലകത്തിൽ നിന്നും General Settings തുറക്കുക.
- Default entry എന്നതിനു താഴെയുള്ള Predefined ലിസ്റ്റിൽ നിന്നും ഡീഫാൾട്ട് ആയി ബൂട്ട് ചെയ്യേണ്ട

OS/ kernal തെരഞ്ഞെടുക്കുക.

- Save ചെയ്ത് ജാലകം ക്ലോസ് ചെയ്യുക.



ലോക്കൽ റെപ്പോസിറ്ററി

സാധാരണയായി നമ്മുടെ സിസ്റ്റത്തിൽ ഉബണ്ടു ഇൻസ്റ്റാൾ ചെയ്യുമ്പോൾ ലഭ്യമാകുന്ന സോഫ്റ്റ്വെയറുകളെ കൂടാതെ, കൂടുതൽ സോഫ്റ്റ്വെയറുകളും അപ്ഡേഷനുകളും ആവശ്യമാണെങ്കിൽ സോഫ്റ്റ്വെയർ സെന്റർ ഉപയോഗിച്ചോ സിനാപ്റ്റിക് പാക്കേജ് മാനേജർ ഉപയോഗിച്ചോ അവ നമുക്ക് ഇൻസ്റ്റാൾ ചെയ്യാൻ സാധിക്കാറുണ്ടല്ലോ? ഉബുണ്ടു റെപ്പോസിറ്ററിയിൽ ലഭ്യമായ സോഫ്റ്റ്വെയറുകളുടെ ലിസ്റ്റും (package index list) സിനാപ്റ്റിക്കിൽ നമുക്ക് കാണാവുന്നതാണ്. എന്നാൽ ഈ റെപ്പോസിറ്ററിയിലില്ലാത്ത മറ്റു റെപ്പോസിറ്ററിയിലെ സോഫ്റ്റ്വെയറുകളെ സിനാപ്റ്റിക് ഉപയോഗിച്ച് ഇൻസ്റ്റാൾ ചെയ്യണമെങ്കിൽ പ്രസ്തുത സോഫ്റ്റ്വെയർ സൂക്ഷിച്ചിരിക്കുന്ന റെപ്പോസിറ്ററിയെക്കുറിച്ചുള്ള വിവരങ്ങൾ നമ്മുടെ കമ്പ്യൂട്ടറിലെ സോഴ്സ് ലിസ്റ്റിൽ രേഖപ്പെടുത്തേണ്ടതുണ്ട്. ഈ വിവരങ്ങൾ Synaptic Package Manager → Settings → Repositories → Other Software ൽ ഉൾപ്പെടുത്താവുന്നതാണ്.

ഇതേ രീതിയിൽ നമ്മുടെ കമ്പ്യൂട്ടറിലെ ഒരു പ്രത്യേക ശേഖരത്തിലോ ഒരു ലോക്കൽ സെർവ്വറിലോ സോഫ്റ്റ്വെയറുകൾ ശേഖരിച്ച് അവയെക്കുറിച്ചുള്ള വിവരങ്ങൾ സോഫ്റ്റ്വെയർ സോഴ്സ് ലിസ്റ്റിൽ രേഖപ്പെടുത്തിയാൽ പിന്നീട് ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാതെ തന്ന അവ പാക്കേജ് മാനേജർ ഉപയോഗിച്ച് ഇൻസ്റ്റാൾ/അൺഇൻസ്റ്റാൾ ചെയ്യാൻ സാധിക്കും.

IT@School GNU/Linux 12.04 ൽ ഇത്തരം ഒരു ലോക്കൽ റെപ്പോസിറ്ററി ലഭ്യമാണ്. Synaptic Package Manager → Settings → Repositories ലെ Other Software ൽ ഈ ലോക്കൽ റെപ്പോസിറ്ററിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാണ്.

താഴെ പറയുന്ന പാക്കേജുകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

- Boot Repair,
- Firefox (Version 17)
- Appache
- Gparted
- Nvidia Graphics driver
- ATI Graphics driver
- Broadcom wireless drivers
- OpenJDK (Version 6b24-1.11.5-0ubuntu1)
- dpkg-repack

ലോക്കൽ റെപ്പോസിറ്ററിയിൽ നിന്നും സിനാപ്കിറ്റ് ഉപയോഗിച്ച് സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്യുന്ന വിധം (Gparted മാതൃകയായി നൽകുന്നു.)

- Applications → System Tools → Administration → Synaptic Package Manager തുറക്കുക.
- Settings → Repositories തുറക്കുക.
- Ubuntu Software, Other Software Updates എന്നീ ടാബുകൾ തുറന്ന് താഴെ നൽകിയിരിക്കുന്ന ലോക്കൽ റെപ്പോസിറ്ററിയെക്കുറിച്ചുള്ള വിവരമൊഴികെ ബാക്കി എല്ലാ വരിയുടെയും മുമ്പിലെ 'ചെക്ക് മാർക്ക് കളയുക.
- file:///usr/share/local-repository (ഈ വരിയുടെ ചെക്ക് മാർക്ക് മാത്രം നില നിലർത്തണം.) താഴെ കാണുന്ന ചിത്രം നോക്കുക



- ജാലകം ക്ലോസ് ചെയ്യുക.

- സിനാപ്റ്റികിലെ Edit → Reload Package information സെലക്ട് ചെയ്യുക.
- റിലോഡിംഗിംഗ് പൂർത്തിയായാൽ പിന്നീട് ലിസ്റ്റിൽ നിന്നും gparted സെലക്ട് ചെയ്ത് ഇൻസ്റ്റാൾ ചെയ്യാവുന്നതാണ്.
- dpkg-repack, apache മുതലായവയും ഇതുപോലെ ഇൻസ്റ്റാൾ ചെയ്യാം.
- എന്നാൽ Nvidia Graphics driver, ATI Graphics driver, Broadcom wireless driver എന്നിവ ഇൻസ്റ്റാൾ ചെയ്യാൻ Additional drivers എന്ന ടൂളാണ് ഉപയോഗിക്കേണ്ടത്. പ്രവർത്തനക്രമം ചുവടെ നൽകിയിരിക്കുന്നു.

അഡീഷണൽ ഡ്രൈവേഴ്സ്

തേഡ് പാർട്ടി ഡ്രൈവറുകൾ (ഗ്രാഫിക്, വയർലെസ്സ്) നമ്മുടെ സിസ്റ്റത്തിൽ ഇൻസ്റ്റാൾ ചെയ്യാൻ സഹായിക്കുന്ന ടൂളാണ് Additional Drivers. പാനലിലെ System Settings തുറന്ന് Additional Drivers ജാലകം തുറക്കാം. ഇത് തുറക്കുമ്പോൾ തന്നെ ലഭ്യമായ ഡ്രൈവറുകളെ ലിസ്റ്റു ചെയ്യുന്നതാണ്. ഇവ ഇൻസ്റ്റാൾ ചെയ്യാൻ ലിസ്റ്റിൽ നിന്നും ആവശ്യമായവ activate (enable) ചെയ്ത് സിസ്റ്റം റീബൂട്ട് ചെയ്താൽ മതി.

ഐ.ടി@സ്കൂൾ ഗ്നൂലിനക്സ് – 12.04 OS ഇൻസ്റ്റാൾ ചെയ്യുന്ന വിധം.

ഉബുണ്ടു 12.04 അടിസ്ഥാനമാക്കി തയ്യാറാക്കിയ ഓപ്പറേറ്റിങ് സിസ്റ്റമായ IT@School GNU/Linux – 12.04 OS ഒരു ലൈവ് ഡിസ്ക് (ഡിവിഡി) ആയിട്ടാണ് ലഭ്യമാകുന്നത്. (ഇൻസ്റ്റാൾ ചെയ്യാതെ തന്നെ സിഡി (ഡിവിഡി) യിൽ നിന്ന് നേരിട്ട് പ്രവർത്തിപ്പിക്കാനാവുന്ന ഓപ്പറേറ്റിങ് സിസ്റ്റം ഡിസ്കുകളാണ് ലൈവ് സിഡികൾ.)

ഇൻസ്റ്റലേഷൻ തയ്യാറെടുപ്പ്

- First Boot Device ആയി സിഡി/ഡിവിഡി യെ ക്രമീകരിക്കുക. *BIOS ൽ പ്രവേശിച്ച് ഈ ക്രമീകരണം നടത്താം. കമ്പ്യൂട്ടർ ഓൺ ചെയ്തയുടനെ കാണുന്ന നിർദ്ദേശ പ്രകാരം (Delete / F2 / Esc key അമർത്തി) BIOS ലേക്ക് പ്രവേശിക്കാം. BIOS setup ലെ Boot Device Priority യിൽ First Boot Device ആയി CD/DVD Drive ആക്കുക. ഈ മാറ്റം സേവ് ചെയ്ത് (ഇതിന് സാധാരണയായി കീബോർഡിലെ F10 അമർത്തിയാൽ മതിയാകും.)*
- Operating System Disk (IT@School GNU/Linux – 12.04 OS DVD) ഡ്രൈവിലിട്ട് *കമ്പ്യൂട്ടർ റീസ്റ്റാർട്ട് ചെയ്യുക.*

ഓപ്പറേറ്റിങ് സിസ്റ്റം റാമിലേക്ക് ലോഡ് ചെയ്യുന്ന പ്രവർത്തനം പൂർത്തിയായാൽ (ഇതിന് കുറച്ച് സമയമെടുക്കും) താഴെ കാണുന്നത് പോലെയുള്ള സ്ക്രീൻ ലഭിക്കും



- Try Ubuntu ൽ ക്ലിക്ക് ചെയ്ത് ഇൻസ്റ്റലേഷൻ ചെയ്യാതെ തന്നെ ഓപ്പറേറ്റിങ് സിസ്റ്റം പ്രവർത്തിപ്പിച്ച് നോക്കാം.
- Install Ubuntu ൽ ക്ലിക്ക് ചെയ്ത് നേരിട്ട് ഇൻസ്റ്റലേഷൻ തുടങ്ങാം.
- Try Ubuntu വഴി Live session ലേക്ക് പോയാലും ഡെസ്ക്ടോപ്പിൽ (അല്ലെങ്കിൽ Administration മെനുവിൽ) ഉള്ള Install Ubuntu ക്ലിക്ക് ചെയ്ത് ഇൻസ്റ്റലേഷൻ തുടങ്ങാം.

ഇൻസ്റ്റലേഷൻ



Install Ubuntu ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോൾ കാണുന്ന ഈ സ്ക്രീനിൽ നിങ്ങളുടെ സിസ്റ്റത്തിന്റെ നിലവിലുള്ള സ്ഥിതിയാണ് ശരി, തെറ്റ് കൊണ്ട് സൂചിപ്പിക്കുന്നത്. ഇവിടെ Continue ബട്ടണിൽ ക്ലിക്ക് ചെയ്താൽ മാത്രം മതി. (Internet connection ഉള്ള സിസ്റ്റം ആണെങ്കിൽ അത് വിഛേദിക്കുന്നതാണ് നല്ലത് അല്ലെങ്കിൽ Installation കൂടുതൽ സമയമെടുക്കും)

എവിടെ ഇൻസ്റ്റാൾ ചെയ്യണം



നിലവിൽ കമ്പ്യൂട്ടറിൽ ഉള്ള OS നെ ബാധിക്കാതെ ഏതെങ്കിലും ഒരു Partition ലോ, പുതിയതായി ഒരു Partition നിർമ്മിച്ച് അവിടെയോ ഇൻസ്റ്റാൾ ചെയ്യുന്നതിന് Something else തിരഞ്ഞെടുത്ത് Continue button ൽ ക്ലിക്ക് ചെയ്യുക.

Hard disk Partitioning

ഓപ്പറേറ്റിങ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യാനാവശ്യമായ സ്ഥലം ഹാർഡ് ഡിസ്കിൽ ഒരുക്കുകയാണ് ഈ ഘട്ടത്തിൽ ചെയ്യുന്നത്. മറ്റ ഫയലുകളും വേറെ ഓപ്പറേറ്റിങ് സിസ്റ്റവും ഉള്ള ഹാർഡ് ഡിസ്കാണെങ്കിൽ വളരെ ശ്രദ്ധിച്ച് ചെയ്യേണ്ട ഒരു പ്രവർത്തനമാണിത്. ഇൻസ്റ്റലേഷന വേണ്ടി നാം കണ്ടെത്തുന്ന സ്ഥലത്ത് ആവശ്യമായ ഫയലുകൾ വല്ലതും ഉണ്ടെങ്കിൽ അവ ഇൻസ്റ്റലേഷന മുമ്പ് സുരക്ഷിതമായ സ്ഥലത്തേക്ക് കോപ്പി ചെയ്ത് വെക്കേണ്ടതാണ്.

നമ്മുടെ ഓപ്പറേറ്റിങ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യാൻ മൂന്ന് പാർട്ടീഷ്യനുകൾ വേണം. പാർട്ടീഷ്യനുകളുടെ വിവരം താഴെ പട്ടികയിൽ നൽകിയിരിക്കുന്നു. (*ഇവയ്ക്ക് പ്രത്യേക ക്രമമൊന്നുമില്ല.*)

എന്താവശ്യത്തിന്	File system	Mount point	വലിപ്പം
ഓപ്പറേറ്റിങ് സിസ്റ്റത്തിന് സ്ഥിതി ചെയ്യാൻ (root partition)	ext4	/	20 GB (ചുരുങ്ങിയത്)
ഉപയോക്താവിന്റെ ഫയലുകൾ സൂക്ഷിക്കാൻ (home partition)	ext4	**/home**	എത്രയുമാകാം
RAM ന്റെ അനുബന്ധമായി ഉപയോഗിക്കാൻ (Swap partition)	Swap area		RAM നേക്കാൾ കൂടുതൽ (ഇരട്ടിയിലധികം വേണ്ട)

UEFI ബൂട്ട് സംവിധാനമുള്ള സിസ്റ്റങ്ങളിൽ GPT ഹാർഡ് ഡിസ്കുകൾ പാർട്ടീഷ്യൻ ചെയ്യുമ്പോൾ 100 MB സൈസിൽ ഒരു EFI boot പാർട്ടീഷ്യൻ പ്രത്യേകം നിർമ്മിക്കേണ്ടതാണ്.

പുതിയ പാർട്ടീഷ്യനുകളുണ്ടാക്കാൻ ആദ്യം വേണ്ടത് Free space ഉണ്ടായിരിക്കണം. നിലവിൽ Free space ഉണ്ടെങ്കിൽ അതുപയോഗിക്കാം. ഇല്ലെങ്കിൽ നിലവിലുള്ള പാർട്ടീഷ്യനുകളിൽ നിന്ന് അവസാന പാർട്ടീഷ്യന(കൾ) ഡിലീറ്റ് ചെയ്തോ വലിയ പാർട്ടീഷ്യനുകൾ Resize ചെയ്തോ Free space ഉണ്ടാക്കാം.

നിലവിലുള്ള പാർട്ടീഷ്യനുകളെ sda1, sda2, sda3, ….. എന്നോ hda1, hda2, hda3, ….. എന്നോ രേഖപ്പെടുത്തിയിട്ടുണ്ടാകും. ചിത്രം നോക്കുക



ഈ ഹാർഡ് ഡിസ്കിൽ 2 പ്രൈമറി പാർട്ടീഷ്യനുകളും (sda1, sda2) 3 ലോജിക്കൽ പാർട്ടീഷ്യനുകളും(sda5, sda6, sda7) അണ് ഉള്ളത്.

Root partition നിർമ്മിക്കുന്ന വിധം.



Hard Disk ലെ Free space നെ സെലക്ട് ചെയ്ത് Add ബട്ടണിൽ ക്ലിക്ക് ചെയ്ത് ആവശ്യമായ പാർട്ടീഷ്യനുകൾ തയ്യാറാക്കാം. Free space ലഭ്യമല്ല എങ്കിൽ ആവശ്യമില്ലാത്ത പാർട്ടീഷ്യനിൽ നിന്നുകൊണ്ട് Delete Button ൽ ക്ലിക്ക് ചെയ്ത് Free space ഉണ്ടാക്കാം. **(ആ പാർട്ടീഷനിലുള്ള മുഴുവൻ data യും നഷ്ടപ്പെടുമെന്നറിയാമല്ലോ)**.



തുടർന്ന് കാണുന്ന ഈ Window ൽ വരുത്തേണ്ട മാറ്റങ്ങൾ ചുവന്ന നിറത്തിലുള്ള ദീർഘ വൃത്തത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നു. New partition size എന്നതിൽ root partition ന് ആവശ്യമായ size (കുറഞ്ഞത് 20000 MB) നൽകുക. Use as എന്നതിന് നേരെയുള്ള ചതുരത്തിൽ Ext4 journaling file system സെലക്ട് ചെയ്യുക. Mount point ന് നേരെയുള്ള ചതുരത്തിൽ root നെ സൂചിപ്പിക്കുന്ന / തിരഞ്ഞെടുത്ത് OK ബട്ടണിൽ ക്ലിക്ക് ചെയ്യുക

Swap partition നിർമ്മിക്കുന്ന വിധം.

Free space വീണ്ടും സെലക്ട് ചെയ്ത് Add ബട്ടണിൽ ക്ലിക്ക് ചെയ്യുക



New partition size എന്നതിൽ ആവശ്യമായ size നൽകുക.

(*RAM ന്റെ വലുപ്പത്തേക്കാൾ അല്പം കൂടുതൽ space ആണ് swap ന് ഉണ്ടായിരിക്കേണ്ടത്. ഇവിടെ 4 GB RAM ഉള്ള കമ്പ്യൂട്ടറായതിനാലാണ് swap ന് 5000 MB നൽകിയത്.*)

Use as എന്നതിന് നേരെയുള്ള ചതുരത്തിൽ swap area സെലക്ട് ചെയ്ത് OK യിൽ ക്ലിക്ക് ചെയ്യുക

Home partition നിർമ്മിക്കുന്ന വിധം.

Free space വീണ്ടും സെലക്ട് ചെയ്ത് Add ബട്ടണിൽ ക്ലിക്ക് ചെയ്യുക



New partition size എന്നതിന് നേരെയുള്ള ചതുരത്തിൽ ആവശ്യമായ size നൽകുക. (ഇവിടെ ബാക്കിയുള്ള മുഴുവൻ space ഉം ഉപയോഗിച്ചിരിക്കുന്നു)

use as എന്നതിന് നേരെയുള്ള ചതുരത്തിൽ Ext4 journaling file system സെലക്ട് ചെയ്യുക

mount point എന്നതിന് നേരെയുള്ള ചതുരത്തിൽ /home സെലക്ട് ചെയ്ത് OK ബട്ടണിൽ ക്ലിക്ക് ചെയ്യുക

ഇപ്പോൾ ഇൻസ്റ്റലേഷനു വേണ്ട സ്ഥലമൊരുക്കി നൽകിക്കഴിഞ്ഞു.

ഈ ഘട്ടത്തിൽ വളരെ ശ്രദ്ധിക്കേണ്ട ഒരു കാര്യം **Device for boot loader** ആണ്. ഇത് **നിങ്ങളുടെ ഹാർഡ് ഡിസ്കായിരിക്കണം** (ചിത്രത്തിൽ /dev/sda) **എങ്കിൽ മാത്രമേ ഇൻസ്റ്റലേഷൻ കഴിഞ്ഞ് ഹാർഡ് ഡിസ്കിൽ നിന്നും boot ചെയ്യുകയുള്ളൂ.**



ഇനി Install Now ക്ലിക്ക് ചെയ്യുക.



നിങ്ങളുടെ location തെരഞ്ഞെടുക്കുന്നതിനുള്ള വിൻഡോയാണിത് . ഇതിൽ കാണുന്നതുപോലെ Kolkata യും തുടർന്ന് Continue button ഉം ക്ലിക്ക് ചെയ്യുക.



ഈ window, keyboard Layout തെരഞ്ഞെടുക്കുന്നതിനുള്ളതാണ്. ഇതിൽ English(US) ക്ലിക്ക് ചെയ്ത് Continue button ക്ലിക്ക് ചെയ്യുക.

അടുത്ത സ്ക്രീൻ user name ഉം password ഉം നൽകുന്നതിനുള്ളതാണ്. user name ഇംഗ്ലീഷ് ചെറിയ അക്ഷരത്തിൽ ഒറ്റ വാക്കായി നൽകുക. Choose a password എന്നതിനു നേരെയുള്ള രണ്ട് ബോക്സുകളിൽ ഒരേ പാസ്വേർഡ് രണ്ടു തവണ ടൈപ്പ് ചെയ്യുക.

ആവശ്യമായ എല്ലാ വിവരങ്ങളും നല്ക്കിക്കഴിഞ്ഞു Continue ബട്ടൺ ക്ലിക്ക് ചെയ്യുന്നതോടുകൂടി ഇൻസ്റ്റലേഷൻ തുടങ്ങുകയായി.

Migrate documents and settings window പ്രത്യക്ഷപ്പെടുകയാണെങ്കിൽ Continue ബട്ടൺ ക്ലിക്ക് ചെയ്താൽ മാത്രം മതി.

ഇൻസ്റ്റലേഷൻ തുടങ്ങുങ്ങതോടുകൂടി താഴെ കൊടുത്തിരിക്കുന്ന window പ്രത്യക്ഷപ്പെടുന്നു

ഇൻസ്റ്റലേഷൻ പ്രവർത്തനങ്ങൾ Installer സോഫ്റ്റ്വെയർ സ്വയം ചെയ്ത് കൊള്ളും.

ഇൻസ്റ്റലേഷൻ പൂർത്തിയായാൽ താഴെ കാണുന്ന സ്ക്രീൻ പ്രത്യക്ഷപ്പെടും.



Restart Now എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. സിഡി ഡ്രൈവിൽ നിന്ന് സിഡി പുറത്ത് വരും. സിഡി എടുത്ത് ഡ്രൈവ് അടച്ച് എന്റർ കീ അമർത്തുക. ഇപ്പോൾ സിസ്റ്റത്തിൽ IT@School GNU/Linux – 12.04 Install ചെയ്ത് കഴിഞ്ഞു. റീസ്റ്റാർട്ട് കഴിഞ്ഞ് System boot ചെയ്ത് വരുമ്പോൾ നിങ്ങൾ Installation സമയത്ത് നല്കിയ Username, Password ഇവ ഉപയോഗിച്ച് Login ചെയ്യാവുന്നതാണ്